## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 742** **08-10-2024 - ൽ മറുപടിയ്ക്ക്**

## സഹകരണ നിക്ഷേപ ഗ്യാരന്റി ബോർഡ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ നിക്ഷേപ ഗ്യാരന്റി ബോർഡ് മുഖാന്തിരം സംഘങ്ങൾ നിക്ഷേപകർക്ക് നൽകുന്ന പരിരക്ഷ ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | 1969 ലെ കേരള സംസ്ഥാന സഹകരണ സംഘം നിയമം പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നതും സ്കീമിൽ അംഗങ്ങളുമായ സംഘങ്ങൾ ലിക്വിഡേഷനിലാകുമ്പോൾ ടി സംഘങ്ങളിലെ നിക്ഷേപകർക്ക് നിക്ഷേപം തിരികെ നൽകുന്നതിനുള്ള സഹകരണ വകുപ്പിന്റെ പദ്ധതിയാണ് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി - 2018. ലിക്വിഡേറ്റ് ചെയ്ത സംഘത്തിലെ നിക്ഷേപകന് സെറ്റിൽമെന്റ് ഓഫ് ക്ലൈമായിട്ടാണ് തുക നൽകുന്നത്. ടി പദ്ധതി പ്രകാരം നിക്ഷേപകർക്ക് നൽകിവന്ന തുകയുടെ പരിധി രണ്ട് ലക്ഷം രൂപയിൽ നിന്നും 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് 06.07.2023 ൽ G.O.(P) No.161/2023/Co-op. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>കൂടാതെ നിക്ഷേപ ഗ്യാരന്റി പദ്ധതിയിൽ അംഗമായ ഒരു സംഘം വിവിധ കാരണങ്ങളാൽ തകർച്ചയിലേയ്ക്ക് പോകുന്ന സാഹചര്യത്തിൽ, സംഘത്തിന്റെ അപേക്ഷയും അംഗീകരിച്ച തിരിച്ചടവ് ഷെഡ്യൂൾ, പുനരുദ്ധാരണ പാക്കേജ് എന്നിവ സഹിതം സഹകരണ സംഘം രജിസ്ട്രാർ ശുപാർശ ചെയ്ത് ബോർഡിന് സമർപ്പിക്കുന്നമുറയ്ക്ക് സംഘത്തിന്റെ സെക്യൂരിറ്റികൾ/ ആസ്തികൾ ഈടായി സ്വീകരിച്ചുകൊണ്ട് നിക്ഷേപകർക്ക് നിക്ഷേപം മടക്കിനൽകുന്ന ആവശ്യത്തിലേയ്ക്കായി നിശ്ചിത തുക ടി സംഘത്തിന് വായ്പയായി അനുവദിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി - 2018 ന്റെ സ്കീമിൽ ഭേദഗതി വരുത്തിക്കൊണ്ട് 09.08.2024 ലെ G.O(P) No.155/2024/Co-op ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ആയത് ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ളതുമാണ്. കൂടാതെ 03.09.2024 ലെ G.O(P) No.175/2024/Co-Op ഉത്തരവ് പ്രകാരം ടി പദ്ധതിയുടെ റെഗുലേഷനിൽ ഭേദഗതി വരുത്തിക്കൊണ്ട് ഉത്തരവ് |

| | | | |
|---|---|---|---|
| | | | പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ടി ഭേദഗതികളുടെ അടിസ്ഥാനത്തിൽ, അംഗീകരിച്ച വ്യവസ്ഥകൾക്ക് വിധേയമായി അർഹരായ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ